പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1069

14.6.2012-ൽ
മറുപടിക്ക്

## ചെറുതുരുത്തി തടയണ നിർമ്മാണം

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) ചേലക്കര നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ചു കൊണ്ടുള്ള ചെറുതുരുത്തിയുടെ തടയണ നിർമ്മാണം തടസപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ ; സാങ്കേതിക കാരണങ്ങളാണ് തടയണ നിർമ്മാണം തടസ്സപ്പെടാൻ കാരണമായതെങ്കിൽ അവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | (ബി) ഭാരതപ്പുഴയിലെ ശക്തമായ അടിയൊഴുക്ക്മൂലം എസ്റ്റിമേറ്റിലെ വ്യവസ്ഥകളും നിലവിലുള്ള ഡിസൈനും പ്രകാരം പ്രസ്തുത പ്രവർത്തി തുടർന്ന് കൊണ്ടു പോകാൻ സാധിക്കാത്തതിനാലാണ് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ ചെറുതുരുത്തി തടയണ നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്നത്. കൂടാതെ മേൽ പ്രവർത്തിയുടെ കോൺട്രാക്ടർ മരണപ്പെടുകയും തൻമൂലം കരാർ ചെയ്തിട്ടുള്ള എഗ്രിമെന്റ് റദ്ദാകുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തര നടപടി സ്വീകരിച്ചു വരികയാണ്. |

| | |
|---|---|
| (സി) ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (സി) നിലവിലുള്ള എസ്റ്റിമേറ്റിലെ വ്യവസ്ഥകളും ഡിസൈനും പ്രകാരം പ്രവർത്തി നിർവ്വഹിക്കുവാൻ സാധിക്കാത്തതിനാൽ പ്രവർത്തിയുടെ ഡിസൈനിൽ തന്നെ മാറ്റം വരുത്തി പുതുക്കിയ ഭരണാനുമതി നൽകേണ്ടതുണ്ടെന്നും, ആയതിനായി ടെണ്ടർ എക്സസ് ഉൾപ്പെടെ 12 കോടി രൂപ വരുന്ന എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെന്നും ജലവിഭവ വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത തടയണ നിർമ്മാണത്തിന്റെ സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (ഡി) അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |

Rajeev

**സെക്ഷൻ ഓഫീസർ**